REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ബംഗലൂരുവിൽ മൂന്ന് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു.**
- **ഓപ്പറേഷൻ സിന്ദൂർ ദൗത്യം ഇന്ത്യയുടെ സേനാവിഭാഗങ്ങൾക്കിടയിലെ കൂട്ടായ പ്രവർത്തനത്തിന് തെളിവാണെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ.**
- **മുഖ്യമന്ത്രി പിണറായി വിജയൻ നാളെയും മറ്റന്നാളും കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.**
- **തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ പതിമൂന്നാമത് ബിരുദദാന ചടങ്ങ് പൂർത്തിയായി.**
- **ഓൺലൈൻ മദ്യവിൽപ്പന ഇപ്പോൾ ആലോചനയിൽ ഇല്ലെന്ന് മന്ത്രി MB രാജേഷ്.**
- **കൊല്ലത്ത് വൈദ്യുതാഘാതമേറ്റ് മരിച്ച വിദ്യാർത്ഥി മിഥുന്റെ കുടുംബത്തിന് നിർമ്മിക്കുന്ന വീടിന് മന്ത്രി V.ശിവൻകുട്ടി തറക്കല്ലിട്ടു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ബംഗലൂരു KSR റെയിൽവെ സ്റ്റേഷനിൽ മൂന്ന് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു. ബംഗലൂരു മെട്രോയുടെ RV റോഡ് - ബൊമ്മസാന്ദ്ര, യെല്ലോ ലൈനും അദ്ദേഹം അല്പസമയത്തിനകം നാടിന് സമർപ്പിക്കും. പ്രധാനമന്ത്രി അല്പദൂരം മെട്രോ ട്രെയിനിലും സഞ്ചരിക്കും.

ബംഗലൂരുവിലെ പൂർത്തീകരിച്ച ഏതാനും പദ്ധതികൾ ഉദ്ഘാടനം ചെയ്ത ശേഷം നരേന്ദ്രമോദി നഗര ഗതാഗതവുമായി ബന്ധപ്പെട്ട പുതിയ ചില പദ്ധതികൾക്ക് തറക്കല്ലിടും. ബംഗലൂരു മെട്രോ മൂന്നാംഘട്ടമാണ് ഇതിൽ പ്രധാനപ്പെട്ടത്. 15,610 കോടി രൂപ മൂന്നാംഘട്ടത്തിന് വേണ്ടി വരും. 44 കിലോമീറ്റർ പാതയിൽ 31 സ്റ്റേഷനുകളോടെയാണ് മൂന്നാം ഘട്ടം പൂർത്തീകരിക്കുന്നത്.

ഒരു ദിവസത്തെ കർണാടക സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രിയെ പ്രതിപക്ഷ നേതാവ് ആർ അശോക, മുൻ മുഖ്യമന്ത്രി ബി എസ് യെദ്യൂരപ്പ ഉൾപ്പെടെ ചേർന്ന് സ്വീകരിച്ചു.

✪✪✪

കശ്മീർ താഴ്വരയിലേക്ക് ആദ്യത്തെ ചരക്ക് ട്രെയിനിന്റെ വരവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഇത് മേഖലയെ ദേശീയ ചരക്ക് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിൽ സുപ്രധാന നാഴികക്കല്ലായി മാറുമെന്ന് പ്രധാനമന്ത്രി നിരീക്ഷിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂർ ദൗത്യം ഇന്ത്യയുടെ മൂന്ന് സേനാവിഭാഗങ്ങൾക്കിടയിലെ കൂട്ടായ പ്രവർത്തനത്തിനും ഏകോപനത്തിനും മികച്ച തെളിവാണെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ പറഞ്ഞു. സെക്കന്തരാബാദിലെ ഡിഫൻസ് മാനേജ്മെന്റ് കോളേജിൽ ഹയർ ഡിഫൻസ് മാനേജ്മെന്റ് ഓഫീസർമാരെ അഭിസംബോധന ചെയ്യുകയായിരുന്നു ജനറൽ അനിൽ ചൗഹാൻ. സിന്ദൂർ ദൗത്യം ഭാവിയിലെ കൂട്ടായ സൈനിക നടപടികൾക്ക് മികച്ച രൂപമാതൃകയാകുമെന്നും സംയുക്ത സൈനിക മേധാവി പറഞ്ഞു.

✪✪✪

ഇന്ത്യൻ വിമാനങ്ങൾക്ക് വ്യോമ മേഖലാ നിരോധനം ഏർപ്പെടുത്തിയത് വഴി കഴിഞ്ഞ ഏപ്രിൽ 24 മുതൽ ജൂൺ 30 വരെ പാകിസ്ഥാന് 127 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി പാകിസ്ഥാനി ദേശീയ അസംബ്ലിയിൽ സമർപ്പിച്ച രേഖകൾ പറയുന്നു. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം പാകിസ്ഥാൻ വിമാനങ്ങൾക്ക് ഇന്ത്യയും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ശ്രീലങ്കൻ നാവികസേന ഏഴ് ഇന്ത്യൻ മത്സ്യത്തൊഴിലാളികളെയും മത്സ്യബന്ധന ബോട്ടും പിടികൂടിയതായി കാണിച്ച് തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ വിദേശകാര്യ മന്ത്രിയ്ക്ക് കത്തെഴുതി. വിഷയത്തിൽ ശക്തവും

ഏകോപിതവുമായ നടപടി ആരംഭിക്കണമെന്നും അറസ്റ്റിലായവരെ മോചിപ്പിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ നാളെയും മറ്റന്നാളും കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഭൂവിനിയോഗ വകുപ്പിന്റെ സമുചിത വിള നിർണയ പദ്ധതി സംസ്ഥാന തല ഉദ്ഘാടനവും ലാൻഡ് റിസോഴ്സ്സ് ഇൻഫോർമേഷൻ സിസ്റ്റം വെബ്സൈറ്റ് പ്രകാശനവും നാളെ രാവിലെ മുഖ്യമന്ത്രി കണ്ണൂരിൽ നിർവ്വഹിക്കും. നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഹാളിലാണ് പരിപാടി.  ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനാകും.

കണ്ണൂർ ജില്ലാ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വൈകിട്ട് വേങ്ങാട് ലൈഫ് ഭവന പദ്ധതിയിൽ 50 വീടുകളുടെ താക്കോൽദാനവും മുഖ്യമന്ത്രി നിർവഹിക്കും.

ചൊവ്വാഴ്ച രാവിലെ ധർമ്മടം മണ്ഡലത്തിലെ ചേക്കുപാലം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഉദ്ഘാടനം നിർവഹിക്കുന്ന മുഖ്യമന്ത്രി തുടർന്ന് കൊടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജും ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ പോലീസ് മൈതാനിയിലെ സിന്തറ്റിക്ക് ട്രാക്കും മൾട്ടി-പർപ്പസ് ഇൻഡോർ കോർട്ടും പൂർത്തിയായി. മറ്റന്നാൾ  വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ  പദ്ധതി നാടിന് സമർപ്പിക്കും.

കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരന്റെ റിപ്പോർട്ട്

......വോയ്സ്....

ലോകോത്തര നിലവാരമുള്ള സിന്തറ്റിക്ക് ട്രാക്കും പുൽത്തകിടിയും കാൽപ്പന്തുകളികൾ ഉൾപ്പെടെയുള്ള കായിക മേളകൾക്ക് ഇനി ആവേശം വർദ്ധിപ്പിക്കും . കേരള പൊലീസ് സ്പോർട്സ് ആൻഡ് യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ സ്കീമിന് കീഴിലാണ് കണ്ണൂർ നഗരത്തിലെ പോലീസ് പരേഡ് ഗ്രൗണ്ടിലും ജില്ലാ പോലീസ് ആസ്ഥാനത്തും കായിക അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാക്കിയത്. പോലീസ് വകുപ്പിനുള്ളിലും അതിനപ്പുറത്തും ശാരീരിക ക്ഷമത, കായിക സംസ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യമാണ് കണ്ണൂർ സിറ്റി പോലീസ് മുൻകൈയെടുത്ത് ഒരുക്കിയത്. പോലീസുകാർക്ക് മാത്രമല്ല പൊതുജനങ്ങൾ, യുവാക്കൾ, കുട്ടികൾ എന്നിവർക്കു കൂടി പ്രയോജനപ്പെടും വിധം കായിക പരിശീലന സൗകര്യങ്ങൾ നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി പൂർത്തിയാക്കിയത്.

✪✪✪

തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ പതിമൂന്നാമത് ബിരുദദാന ചടങ്ങിൽ 290 വിദ്യാർത്ഥികൾ ബിരുദ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി.

IIT ഖരഗ്പൂർ ഡയറക്ടർ പ്രൊഫ. സുമൻ ചക്രവർത്തി മുഖ്യാതിഥിയായി പങ്കെടുത്തു. IIST ചാൻസലർ ഡോ. BN. സുരേഷ് അധ്യക്ഷനായിരുന്നു..

ISRO ചെയർമാനും IIST ഭരണസമിതി പ്രസിഡന്റുമായ ഡോ. V. നാരായണൻ ഓൺലൈനായി ബിരുദദാന പ്രസംഗം നടത്തി.

✪✪✪

ഓൺലൈൻ മദ്യ വിൽപ്പന ഇപ്പോൾ ആലോചനയിൽ ഇല്ലെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. വരുമാന വർധനയ്ക്ക് പല വഴികളും ആലോചിക്കുമെന്നും മദ്യനയം കേന്ദ്രീകരിച്ചു പ്രവർത്തിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. ഓൺലൈനിൽ മദ്യം ലഭ്യമാക്കുന്നതിനായി കഴിഞ്ഞ മാസം ബെവ്കോ ഗവൺമെന്റിന് ശുപാർശ ചെയ്തിരുന്നു. ഉപയോക്താക്കൾക്ക് മദ്യം വീട്ടിലെത്തിക്കാൻ വിവിധ ഓൺലൈൻ ഫുഡ് ഡെലിവറി ആപ്പുകളും സന്നദ്ധത അറിയിച്ചിട്ടുണ്ട്.

✪✪✪

വനം വകുപ്പിൽ ജോലി ഒഴിവുണ്ടെന്ന് കാണിച്ച് വ്യാജ കത്ത് തയ്യാറാക്കി സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന സംഭവത്തിൽ വനം വകുപ്പ് തിരുവനന്തപുരം മ്യൂസിയം പൊലീസിൽ പരാതി നൽകി. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ. പ്രമോദ് G. കൃഷ്ണനാണ് പരാതി സമർപ്പിച്ചത്.

ഇത്തരം വ്യാജ കത്തുകളുടെ അടിസ്ഥാനത്തിൽ പൊതുജനങ്ങളും ഉദ്യോഗാർത്ഥികളും തട്ടിപ്പിൽ കുടുങ്ങരുതെന്ന് മന്ത്രി AK ശശീന്ദ്രൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

കൊല്ലം തേവലക്കരയിൽ സ്കൂൾ പരിസരത്ത് വൈദ്യുതാഘാതമേറ്റ് മരിച്ച വിദ്യാർത്ഥി മിഥുന്റെ കുടുംബത്തിന് ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് നിർമ്മിക്കുന്ന വീടിന് മന്ത്രി V.ശിവൻകുട്ടി തറക്കല്ലിട്ടു. കുട്ടികളെ ഉപദ്രവിക്കുന്നവർക്കെതിരെ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കുമെന്ന് ചടങ്ങിൽ മന്ത്രി പറഞ്ഞു. ബന്ധുക്കളിൽ നിന്ന് അതിക്രമം നേരിടുന്ന കുട്ടികളെ കണ്ടെത്തി സംരക്ഷണം നൽകാൻ സ്കൂൾ അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ S.ഷാനവാസ്, സ്കൗട്ട് ആന്റ് ഗൈഡ്സ് സംസ്ഥാന സെക്രട്ടറി NK പ്രഭാകരൻ എന്നിവരും ജനപ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു.

✪✪✪

ലക്ഷദ്വീപ് തീരത്ത് ഇന്ന് 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് ജാഗ്രതാ നിർദേശമുണ്ട്. സംസ്ഥാനത്ത് ഒരു ജില്ലയിലും പ്രത്യേക മഴ മുന്നറിയിപ്പ് നൽകിയിട്ടില്ല.

✪✪✪

വിനോദസഞ്ചാര വകുപ്പും കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജും ചേർന്ന് സംഘടിപ്പിക്കുന്ന ഓണാഘോഷ പരിപാടി 'മാവേലിക്കസി'ന്റെ മൊബൈൽ ആപ്പ് മന്ത്രി PA മുഹമ്മദ് റിയാസ് കോഴിക്കോട്ട് ലോഞ്ച് ചെയ്തു.

അടുത്ത മാസം ഒന്ന് മുതൽ ഏഴ് വരെ നടത്തുന്ന ഓണാഘോഷ പരിപാടികളുടെ വിശദമായ വിവരങ്ങൾ ആപ്പിലൂടെ അറിയാനാകും.

✪✪✪

മരണാനന്തര അവയവദാതാക്കളെ അനുസ്മരി ക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനും 'സ്മൃതി വന്ദനം 2025' എന്ന പേരിൽ ഈ മാസം 13ന് തിരുവനന്തപുരത്ത് സംസ്ഥാനതല പരിപാടി സംഘടിപ്പിക്കും. വഴുതക്കാട്ട് മന്ത്രി വീണാ ജോർജ് 'സ്മൃതി വന്ദനം' ഉദ്ഘാടനം ചെയ്യും. കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ നേതൃത്വത്തിലാണ് പരിപാടി.

സംസ്ഥാനത്ത് 2017 നവംബർ മുതൽ 2025 ജൂലൈ വരെ കാലയളവിൽ മരണാനന്തരം അവയവദാനം നടത്തിയ 122 വ്യക്തികളുടെ കുടുംബാംഗങ്ങൾ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

തൃത്താല മണ്ഡലത്തിൽ മലിന ജല സംസ്കരണത്തിന് നിർമ്മിച്ച സോക്ക് പിറ്റ് മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു. പൊതു ഇടങ്ങളെ ശുചിത്വ പൂർണ്ണമാക്കുന്ന കാര്യത്തിൽ വീട്ടുവീഴ്ചയില്ലാത്ത സമീപനമാണ് ഗവൺമെന്റിന്റേതെന്ന് അദ്ദേഹം പറഞ്ഞു. ഗുരുതമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വൃത്തിഹീന സാഹചര്യങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ ഗവൺമെന്റിനാകില്ലെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഞായറാഴ്ചകളിലെ സൈക്കിൾ സവാരി ഫിറ്റ് ഇന്ത്യ സംരംഭത്തെ രാജ്യത്തെ മികച്ച പ്രസ്ഥാനമാക്കി മാറ്റാൻ സഹായിച്ചെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ Sundays on Cycle- Fit India പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. പരിപാടിയിൽ പങ്കാളികളായി രാജ്യത്തെ 50,000ത്തിലേറെ ഗ്രാമപഞ്ചായത്തുകൾ ഫിറ്റ് ഇന്ത്യ സന്ദേശം സമൂഹത്തിലെത്തിച്ചതായും മാണ്ഡവ്യ വിശദീകരിച്ചു.

✪✪✪

ന്യൂഡൽഹിയിൽ ത്യാഗരാജ് സ്റ്റേഡിയത്തിൽ ഡൽഹി വിദ്യാഭ്യാസ മന്ത്രി ആശിഷ് സൂദ് തിരംഗ റൺ ഫ്ലാഗ് ഓഫ് ചെയ്തു. 79-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 7,900 കുട്ടികൾ ത്രിവർണ്ണ പതാക വഹിച്ച് പരിപാടിയിൽ പങ്കെടുത്തതായി മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഹർ ഘർ തിരംഗ ഹർ ഘർ ശുചിത്വ പരിപാടിയോടനുബന്ധിച്ച് തിരുവനന്തപുരം പട്ടം PM ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ രംഗോലി ഒരുക്കുകയും വിദ്യാലയത്തിന്റെ ചുവരുകൾ ചിത്രം വരച്ച് അലങ്കരിക്കുകയും സൈനികർക്ക് കത്തെഴുതുകയും ചെയ്തു.

✪✪✪

മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ് 134-ാമത് ഡുറാന്റ് കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. കൊൽക്കത്തയിൽ ഗ്രൂപ്പ് B അവസാന ലീഗ് മാച്ചിൽ ഡയമണ്ട് ഹാർബർ FCയെ ഒന്നിനെതിരെ അഞ്ച് ഗോളിന് തോൽപ്പിച്ചാണ് അടുത്ത റൗണ്ടിലേക്ക് അർഹത നേടിയത്.

✪✪✪

തലശ്ശേരിയിൽ സമാപിച്ച കണ്ണൂർ ജില്ലാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 264 പോയിന്റോടെ കണ്ണൂർ അത്‌ലറ്റിക് അക്കാദമി ചാമ്പ്യന്മാരായി.

190 പോയന്റുമായി കണ്ണൂർ ഗവൺമെന്റ് മുനിസിപ്പൽ HSS രണ്ടാം സ്ഥാനവും 157 പോയിന്റോടെ തലശ്ശേരി അത്‌ലറ്റിക് ക്ലബ് മൂന്നാംസ്ഥാനവും നേടി.

✪✪✪

കേരളത്തിലെ സഹകരണ മേഖല മുമ്പെങ്ങുമില്ലാത്ത പ്രതിസന്ധി നേരിടുകയാണെന്നും അതിനു പരിഹാരം കാണുന്നതിന് കേന്ദ്ര ഗവൺമെന്റിനോ സംസ്ഥാന ഗവൺമെന്റിനോ കഴിയുന്നില്ലെന്നും K.C വേണുഗോപാൽ MP കുറ്റപ്പെടുത്തി. കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ്സ് ആലപ്പുഴ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരള

ബാങ്ക് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് തൊഴിലാളിവിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

ഇതിനെതിരെ കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ശക്തമായ പ്രക്ഷോഭങ്ങൾ ആരംഭിക്കണമെന്നും അതിന് കോൺഗ്രസ്സ് പാർട്ടിയുടെ പരിപൂർണ്ണ പിന്തുണയുണ്ടാകുമെന്നും വേണുഗോപാൽ പറഞ്ഞു.

✪✪✪

*News Editor :ശ്രുതി എം*
*News Reader:നിമിഷ ജി*
*NRT: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*